LIBRARY ARCHIVES Kerala Legislative Assembly

നൊച്ചാട് രവീന്ദ്രന്റെ കുടുംബത്തിനുള്ള ധനസഹായം

123 [286] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട് പഞ്ചായത്തിലെ വെള്ളൂത്താടൻ കണ്ടി രവീന്ദ്രൻ 2004 ജനുവരി 24-ന് എലിപ്പനി ബാധിച്ച് മരണപ്പെട്ട വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പിൽ നിന്നും എന്തെങ്കിലും സഹായത്തിന് ഈ കുടുംബത്തിൽ നിന്നും എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) കുടുംബത്തിന് എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ശ്രീ. രവീന്ദ്രൻ 2004 ജനുവരിയിലാണ് മരിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ധനസഹായ അപേക്ഷ ജൂൺ മാസത്തിലാണ് ഈ വകുപ്പിൽ ലഭിച്ചത്. ഇങ്ങനെയുള്ള അപേക്ഷകൾ പരിഗണിക്കാൻ വകുപ്പിൽ പദ്ധതികളൊന്നുമില്ല.

ആദിവാസി സാക്ഷരതാ പരിപാടിയിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

124 [287] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ ആദിവാസികൾക്കിടയിൽ നടപ്പാക്കിയ സാക്ഷരതാ പരിപാടിയിൽ ക്രമക്കേടുകൾ നടന്നതിനെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആരോപണ വിധേയമായ മൈത്രി എന്ന സന്നദ്ധ സംഘടനയ്ക്ക് ഈ പദ്ധതി തുടർന്നും നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത എജൻസി സാക്ഷരതാ പ്രേരകന്മാർക്ക് വേതനമായി ലക്ഷക്കണക്കിന് രൂപ നൽകിയതായി കള്ളരേഖയുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;